പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3426 — 14.03.2018 ൽ മറുപടിയ്ക്ക്

# രണ്ടാം വിള നെൽകൃഷിയുടെ നെല്ല് സംഭരണം

ചോദ്യം

ശ്രീ.അനൂപ് ജേക്കബ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

(എ) 2017-18 വർഷത്തിൽ സംസ്ഥാനത്ത് രണ്ടാംവിള നെൽകൃഷിയുടെ നെല്ല് സംഭരിക്കുന്നതിനുള്ള രജിസ്ട്രേഷൻ എന്നാരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(എ) 2017 – 18 സീസണിൽ രണ്ടാംവിള കൃഷിയുടെ നെല്ല് സംഭരിക്കുന്നതിനുള്ള രജിസ്ട്രേഷൻ 05.12.2017 മുതൽആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുവരെ എത്ര രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ടെന്നും ആർക്കൊക്കെ ഏതൊക്കെ ജില്ലകളിലാണ് രജിസ്ട്രേഷൻ ലഭിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) 2017 – 18 സീസണിൽ ഇതുവരെ 195003 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

| ക്രമ നം. | ജില്ല | രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 682 |
| 2 | കൊല്ലം | 758 |
| 3 | പത്തനംതിട്ട | 2690 |
| 4 | ആലപ്പുഴ | 47778 |
| 5 | കോട്ടയം | 22206 |
| 6 | ഇടുക്കി | 83 |
| 7 | എറണാകുളം | 2339 |
| 8 | തൃശ്ശൂർ | 34889 |
| 9 | പാലക്കാട് | 76217 |
| 10 | മലപ്പുറം | 4808 |
| 11 | കോഴിക്കോട് | 78 |
| 12 | വയനാട് | 2098 |
| 13 | കണ്ണൂർ | 232 |
| 14 | കാസർഗോഡ് | 145 |

| | | | |
|---|---|---|---|
| (സി) | മേൽകാലയളവിൽ രണ്ടാംവിള നെൽകൃഷിയുടെ നെല്ല് സംഭരണത്തിനായി എത്ര തുക സർക്കാർ വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ? | (സി) | 2017-18 സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി സംസ്ഥാന സർക്കാർ 525 കോടി രൂപ വകയിരുത്തുകയും അതിൽ 268.25 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ